# കാലിക്കറ്റ് സർവ്വകലാശാല
## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്

**പത്രക്കുറിപ്പ്**

കാലിക്കറ്റ് സർവ്വകലാശാലയുടെ 2024-25 അധ്യയന വർഷത്തെ ഏകജാലക സംവിധാനം മുഖാന്തരമുള്ള ബി.എഡ്. പ്രവേശനത്തിന്റെ (കൊമേഴ്സ് ഓപ്ഷൻ ഒഴികെയുള്ള) രണ്ടാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. ആദ്യമായി അലോട്ട്മെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും മാൻഡേറ്ററി ഫീസായ

എ) എസ്.സി/എസ്.ടി/ഒ.ഇ.സി./ഒ.ഇ.സി.ക്ക് തത്തുല്ല്യമായ വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്ന വിഭാഗം – 135 രൂപ

ബി) മറ്റുള്ളവർ – 540 രൂപ

20.07.2024 ന് പകൽ 4 മണിക്കകം അടച്ച് അലോട്ട്മെന്റ് ലഭിച്ച കോളേജിൽ സ്ഥിരം അഡ്മിഷൻ എടുക്കേണ്ടതാണ്.

മാൻഡേറ്ററി ഫീസ് അടച്ച് അഡ്മിഷൻ എടുക്കാത്തവർക്ക് നിലവിൽ കിട്ടിയിരിക്കുന്ന അലോട്ട്മെന്റ് നഷ്ടപ്പെടുന്നതാണ്. ഈ വിദ്യാർത്ഥികളെ തുടർന്നുള്ള പ്രവേശനത്തിന് പരിഗണിക്കുന്നതല്ല.

അലോട്ട്മെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും അഡ്മിറ്റ് കാർഡ് എടുത്ത് അലോട്ട്മെന്റ് ലഭിച്ച കോളേജിൽ സ്ഥിരം അഡ്മിഷൻ എടുക്കണം. ലഭിച്ച ഓപ്ഷനിൽ തൃപ്തരായവർ എല്ലാ ഹയർ ഓപ്ഷനുകളും ക്യാൻസൽ ചെയ്ത് അഡ്മിറ്റ് കാർഡ് എടുത്ത് സ്ഥിരം അഡ്മിഷൻ എടുക്കണം. ഹയർ ഓപ്ഷൻ നിലനിർത്തുന്നവരെ രണ്ടാം അലോട്ട്മെന്റിനുശേഷം ഉണ്ടാകുന്ന ഒഴിവിലേക്ക് പരിഗണിക്കുന്നതായിരിക്കും.

സ്ഥിരം അഡ്മിഷൻ എടുക്കുന്നവർക്ക് TC ഒഴികെയുള്ള എല്ലാ അസ്സൽ രേഖകളും പ്രവേശന ദിവസം തന്നെ തിരിച്ചു വാങ്ങാവുന്നതാണ്.

കൊമേഴ്സ് ഓപ്ഷനിലേക്കുള്ള പ്രവേശന നടപടികൾ കാലിക്കറ്റ് സർവ്വകലാശാലയുടെ എം.കോം. ഫലം പ്രസിദ്ധീകരിച്ച് കഴിഞ്ഞതിനുശേഷം ആരംഭിക്കുന്നതാണ്.

**എഡിറ്റിങ്**

ബി.എഡ്. പ്രോഗ്രാം പ്രവേശനത്തിന് രജിസ്റ്റർ ചെയ്തവർക്ക് (കൊമേഴ്സ് ഓപ്ഷൻ ഒഴികെ) അപേക്ഷയിലെ തെറ്റുകൾ തിരുത്തുന്നതിന് 20.07.2024 ന് വൈകിട്ട് 5 മണി വരെ സൗകര്യം ലഭിക്കുന്നതാണ്. ഒന്നാം ഓപ്ഷൻ ലഭിച്ച് സ്ഥിരം പ്രവേശനം നേടിയവരും, ഹയർ ഓപ്ഷൻ ക്യാൻസൽ ചെയ്ത് സ്ഥിരം പ്രവേശനം നേടിയവരുമായ വിദ്യാർത്ഥികൾ ഒഴികെയുള്ളവർക്ക് എഡിറ്റ് ഓപ്ഷൻ ലഭ്യമായിരിക്കും. ഒന്ന്, രണ്ട് അലോട്ട്മെന്റുകൾ ലഭിച്ച് ഇൻഡക്സ് മാർക്ക്, വെയിറ്റേജ് മാർക്ക്, റിസർവേഷൻ കാറ്റഗറി, കോളേജ് ഓപ്ഷൻ മുതലായവയിലെ തെറ്റുകൾ കാരണം പ്രവേശനം എടുക്കാൻ കഴിയാതിരുന്നവർക്കും എഡിറ്റിംഗ് സൗകര്യം ഉപയോഗിക്കുന്നതിന് വിധേയമായി വെയിറ്റിംങ് റാങ്ക് ലിസ്റ്റിലേക്ക് പരിഗണിക്കുന്നതാണ്. എഡിറ്റ് ചെയ്യുന്നവർ പുതുക്കിയ അപേക്ഷയുടെ പ്രിന്റൗട്ട് നിർബന്ധമായും എടുക്കേണ്ടതാണ്.

**ലെയ്റ്റ് രജിസ്ട്രേഷൻ**

ഇതുവരെ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികൾക്ക് **SC/ST 535/- രൂപ, മറ്റുള്ളവർ 1030/- രൂപ.** ഫീയോടുകൂടി ലെയ്റ്റ് രജിസ്ട്രേഷൻ ചെയ്യുന്നതിനുള്ള സൗകര്യം (കൊമേഴ്സ് ഓപ്ഷൻ ഒഴികെ) 20.07.2024 ന് വൈകിട്ട് 5 മണി വരെ https://admission.uoc.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാവും. ലേറ്റ് രജിസ്ട്രേഷൻ ചെയ്തവരെ വെയിറ്റിംങ് റാങ്ക് ലിസ്റ്റിലേക്ക് പരിഗണിക്കുന്നതാണ്.

ഫോൺ – 0494 2407017, 2407016, 2660600

(ഒപ്പ്)
ഡയറക്ടർ

C.U. Campus
17.07.2024